# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ്-എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - നാട്ടിക നിയോജക മണ്ഡലം - തളിക്കുളം ഗ്രാമ പഞ്ചായത്തിൽ നാഷണൽ ഹൈവേ സ്നേഹതീരം റോഡ് സെൻറ്ററിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ.ഉ(സാ.ധാ) നം. **3186/2017/ധന** തീയതി, തിരുവനന്തപുരം, **05.04.2017**

---

പരാമർശം: 1. 27.05.2004-ലെ ജി.ഒ(പി)നം. 247/2004/ധന ഉത്തരവ്.

2. ശ്രീമതി ഗീതാ ഗോപി എം.എൽ.എ ബഹു. ധനകാര്യ മന്ത്രിക്ക് 28.10.2016 ന് നൽകിയ കത്ത്.

3. തൃശ്ശൂർ ജില്ലാ കളക്ടർ 14.03.2017-ന് സമർപ്പിച്ച എഫ്.എൻ9-52790/2016/NTK നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

നാട്ടിക നിയോജക മണ്ഡലത്തിലെ തളിക്കുളം ഗ്രാമ പഞ്ചായത്തിൽ നാഷണൽ ഹൈവേ സ്നേഹതീരം റോഡ് സെൻറ്ററിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനായി എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് ശ്രീമതി ഗീതാ ഗോപി എം.എൽ.എ സൂചന (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സൂചന-3 ലെ ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനായി ആകെ 12,46,337/- രൂപ ചെലവ് വരും. സിഗ്നൽ ലൈറ്റ് സ്ഥാപിക്കാൻ പൊതുമരാമത്ത് വകുപ്പ് ദേശിയപാത (ബി) വിഭാഗം മുന്നോട്ട് വെച്ച നിർദ്ദേശങ്ങൾ പാലിക്കപെടണം എന്ന വ്യവസ്ഥയിൽ നാട്ടിക നിയോജക മണ്ഡലത്തിലെ തളിക്കുളം ഗ്രാമ പഞ്ചായത്തിൽ നാഷണൽ ഹൈവേ സ്നേഹതീരം റോഡ് സെൻറ്ററിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനായി നാട്ടിക നിയോജക മണ്ഡലത്തിലെ ശ്രീമതി ഗീതാ ഗോപി എം.എൽ.എ-യുടെ പ്രത്യേക വികസന നിധിയിൽ നിന്നും **12,46,337/- [പന്ത്രണ്ട് ലക്ഷത്തി നാൽപത്തിആറായിരത്തി മുന്നൂറ്റി മുപ്പത്തി ഏഴ് രൂപ]** വിനിയോഗിക്കുവാൻ സൂചന (1)പ്രകാരമുള്ള ഉത്തരവിലെ മാർഗ രേഖയിൽ ഇളവു വരുത്തി പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.വി. കല**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ശ്രീമതി ഗീതാ ഗോപി എം.എൽ.എ, കക്കാട് ഹൗസ്, ഗുരുവായൂർ പി.ഒ, പിൻ- 680101
5. ജില്ലാ കളക്ടർ, തൃശ്ശൂർ
6. ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ
7. നോഡൽ ഓഫീസർ www.finance.kerala.gov.in.
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

Slatha

**സെക്ഷൻ ഓഫീസർ**